# സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ

2025-2026

ഓരോ കുട്ടിയും മികവിലേക്ക്

ജി.എൽ.പി.എസ് കമ്പലടി

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഓരോ സ്കൂളും തങ്ങളുടെ അക്കാദമിക മികവുകൾ ഉയർത്തേണ്ടത് അത്യാവശ്യമാണ്. അതിന് മുൻകൂട്ടി തയ്യാറാക്കിയ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കേണ്ടതുണ്ട്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതിയ വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും ഓരോ കുട്ടിയുടെയും ഭൗതിക മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന തരത്തിലാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

എല്ലാ കുട്ടികൾക്കും ഒരുപോലെ മികച്ച നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും പൊതുവിദ്യാഭ്യാസത്തെ മുന്നോട്ട് കൊണ്ടുപോവുകയും ചെയ്യുക എന്നതാണ് ഈ മാസ്റ്റർ.പ്ലാനിന്റെ ലക്ഷ്യം.

എല്ലാ നൂതനആശയങ്ങളെയും ഇരുകൈയും നീട്ടി സ്വീകരിക്കുന്ന ഗവ.എൽ.പി.എസ് കമ്പലടിയിൽ സജീവമായ പി.ടി.എ, എം.പി.ടി.എ അംഗങ്ങളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെയാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പുരോഗതിയുടെ പാതയിലേക്ക് നയിക്കുന്നതിനും ഈ മാസ്റ്റർപ്ലാനിന് കഴിയും എന്ന ഉറച്ച വിശ്വാസത്തോടെ സമർപ്പിക്കുന്നു.

പ്രധാനാധ്യാപിക

Sheeba.V
PEN No:643226
Headmistress
GLPS,Kampalady

# ജി.എൽ.പി.എസ് കമ്പലടി

ദക്ഷിണ ഭാരതത്തിലെ ഏകദുര്യോധന ക്ഷേത്രമായ പോരുവഴി പെരുവിരുത്തി മലനട ക്ഷേത്രത്തിന്റെ അനുഗ്രഹ മേഖലയായ കമ്പലടി എന്ന കരയിലാണ് കമ്പലടി ഗവ. എൽ.പി.എസ് സ്ഥിതിചെയ്യുന്നത്. വളരെ വിസ്തൃതവും ഹരിതാഭവും ആയ വയലേലകളും കൃഷിസ്ഥലങ്ങളും കൊണ്ട് സമൃദ്ധമായിരുന്ന ഈ ഗ്രാമത്തിൽ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും മുഖ്യധാരയിൽ എത്താൻ കഴിയാത്ത ഒരു നല്ല വിഭാഗത്തിന്റെയും വിദ്യാഭ്യാസം എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ യാതൊരു സാധ്യതയും ഇല്ലാതിരുന്ന കാലത്ത് വളരെ പണിപ്പെട്ടാണ് ഈ സ്ഥാപനം ആരംഭിച്ചത്.

ജാതി മത ഭേദമില്ലാതെ വളരെ സൗഹാർദ്ദമായി കഴിഞ്ഞിരുന്ന ജനവിഭാഗങ്ങൾ പ്രാഥമിക വിദ്യാഭ്യാസത്തിനായി കിലോമീറ്ററുകൾ താണ്ടി മുതുപിലാക്കാട് സ്കൂളിൽ പോയി വിദ്യ അഭ്യസിച്ചിരുന്ന സമയത്ത് നമ്മുടെ നാട്ടിൽ ഒരു വിദ്യാലയത്തെക്കുറിച്ച് ആലോചിക്കുകയും കുളിക്കാവടക്കത്തിൽ ശ്രീ. കൃഷ്ണപിള്ള അവർകൾ സ്വന്തം പുരയിടത്തിൽ നാട്ടുകാരുടെ സഹായത്തോടെ ഓലമേഞ്ഞ കെട്ടിടം പണിയുകയും 1946 മുതൽ സർക്കാരിന്റെ അനുമതിയോടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തുടർന്ന് ഈ പ്രദേശത്തെ 1469/ദേവീവിലാസം NSS കരയോഗം 50 സെന്റ് സ്ഥലം ഗവൺമെന്റിന് വിട്ടുനൽകി. 100'x20' അടി ഓടിട്ട നീളത്തായ കെട്ടിടം പണിതു. 1956 മുതൽ പുതിയ കെട്ടിടത്തിൽ അധ്യയനം ആരംഭിച്ചു. 3km ചുറ്റളവിൽ അന്നും ഇന്നും ഈ പ്രദേശത്ത് വേറെ പ്രൈമറി സ്കൂളില്ല.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.എൽ.പി.എസ് കമ്പലടി |
| മേൽവിലാസം | : കമ്പലടി<br>പോരുവഴി പി.ഒ<br>കൊല്ലം |
| ഫോൺ | : 8157061861 |
| സ്കൂൾ കോഡ് | : 39506 |
| വിദ്യാഭ്യാസ ഉപജില്ല | : ശാസ്താംകോട്ട |
| വിദ്യാഭ്യാസ ജില്ല | : കൊല്ലം |
| ബി.ആർ.സി | : ശാസ്താംകോട്ട |
| സി.ആർ.സി | : ഇടയ്ക്കാട് |
| ഗ്രാമ പഞ്ചായത്ത് | : പോരുവഴി |
| ബ്ലോക്ക് പഞ്ചായത്ത് | : ശാസ്താംകോട്ട |
| ജില്ലാ പഞ്ചായത്ത് | : കൊല്ലം |
| നിയമസഭ മണ്ഡലം | : കുന്നത്തൂർ |
| ലോകസഭ മണ്ഡലം | : മാവേലിക്കര |
| താലൂക്ക് | : കുന്നത്തൂർ |
| വില്ലേജ് | : പോരുവഴി |
| ഇ-മെയിൽ വിലാസം | : glpskampalady@gmail.com |
| ഫെയ്സ് ബുക്ക് | : Glps Kampalady |
| യൂട്യൂബ് | : Glps Kampalady |
| സ്കൂൾ വിക്കി | : ഗവ. എൽ. പി. സ്കൂൾ കമ്പലടി |

# പൊതു ലക്ഷ്യങ്ങൾ

1) എല്ലാകുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനലക്ഷ്യങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2) എല്ലാ കുട്ടികളും ഇംഗ്ലീഷ്, മലയാളം, അറബി എന്നീ ഭാഷാശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

3) ഓരോ കുട്ടികളുടെയും കഴിവ്, അഭിരുചി എന്നിവ തിരിച്ചറിഞ്ഞ് പ്രോത്സാഹനം നൽകുക.

4) വായനയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

5) ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ക്ലാസ്മുറിയിൽ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

6) എല്ലാമാസവും ക്ലാസ് പി.ടി.എ സംഘടിപ്പിക്കും. വ്യക്തിഗത പി.ടി.എയും, കോർണർ പി.ടി.എയും ചേരും.

7) ഓരോക്ലാസ്സിന്റെയും പ്രത്യേക അസംബ്ലിക്ക് അവസരം ഒരുക്കി എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യും.

8) ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ കുട്ടികളുടെ പൊതുവിജ്ഞാനം വർധിക്കുകയും അത് ഭാവിയിലേക്ക് മുതൽക്കൂട്ടാകുന്നതിന് അവസരം ഒരുക്കുകയും ചെയ്യുന്നു.

9) മാലിന്യമുക്തവിദ്യാലയം, ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ

10) അടുക്കള പച്ചക്കറിത്തോട്ടം, ജൈവവൈവിധ്യഉദ്യാനം എന്നിവ മികച്ചരീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥിസംഘങ്ങൾ രൂപീകരിക്കൽ

11) കലാകായിക പ്രവൃത്തിപരിചയ സാമൂഹ്യശാസ്ത്രമേളകൾക്കുള്ള പ്രത്യേക പരിശീലനം.

12) LSS പോലുള്ള മത്സരപരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| • അക്കാദമിക പ്രവർത്തനങ്ങൾ മികവാർന്ന രീതിയിൽ നടപ്പിലാക്കുന്ന അധ്യാപകർ<br>• മികച്ച കമ്പ്യൂട്ടർ പരിശീലനം<br>• കലാകായിക പ്രവൃത്തി പരിചയത്തിൽ പ്രത്യേക പരിശീലനം.<br>• പത്രവായനയെ പ്രോത്സാഹിപ്പിക്കാൻ ദൈനംദിന പത്രക്വിസ് സംഘടിപ്പിക്കുന്നു.<br>• പ്രത്യേക പരിഗണന വേണ്ടവർക്ക് രക്ഷിതാക്കളുമായി സംവദിച്ച് പ്രവർത്തനങ്ങൾ ഒരുക്കൽ.<br>• പിന്നോക്കക്കാർക്ക് ഇടവേളകളിൽ പിന്തുണാ പ്രവർത്തനങ്ങൾ നൽകുന്നു.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ എന്നിവ മികവുറ്റരീതിയിൽ നടപ്പിലാക്കുന്നു.<br>• കാർഷിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകൽ. | • കുട്ടികളുടെ ഹാജർ വിടവ്<br>• കെട്ടിട സമുച്ചയ നിർമ്മാണം പൂർത്തീകരിക്കാത്തത്.<br>• കമ്പ്യൂട്ടർ പരിശീലനത്തിന് പ്രത്യേക ലാബ് സജ്ജീകരണം ഇല്ലാത്തത്<br>• കമ്പ്യൂട്ടറുകളുടെ എണ്ണക്കുറവ്<br>• കായിക വിദ്യാഭ്യാസത്തിന് ആവശ്യമായ കളിസ്ഥലത്തിന്റെ പരിമിതി. |

# ലക്ഷ്യങ്ങൾ

## * ഭാഷാവികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. ഓരോ കുട്ടിയും അവരുടെ പ്രായത്തിനനുസരിച്ച് ഭാഷാശേഷി നേടിയെന്ന് ഉറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. വിദ്യാരംഗം കലാസാഹിത്യവേദി, വിവിധ ക്ലബ് പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ സർഗാത്മക രചനയ്ക്ക് അവസരം സൃഷ്ടിക്കുക.
5. മികച്ച വായനാശീലം വളർത്തുന്നതിനായി സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

## * ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിനും പുതിയ ആവിഷ്കാരങ്ങൾ രൂപപ്പെടുത്തുന്നതിനും അവസരം ഒരുക്കുക.
2. സ്വതന്ത്രവായനയ്ക്ക് സജ്ജമാക്കുക.
3. സ്വതന്ത്ര എഴുത്തിന് സജ്ജമാക്കുക
4. ക്ലാസ് മുറികളിലും സ്കൂൾ ലൈബ്രറിയിലും ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുന്നു.

## * പരിസരപഠനം

1. വാതിൽപ്പുറപഠനത്തിന് സാധ്യതയൊരുക്കുന്നു.
2. പരീക്ഷണ, നിരീക്ഷണങ്ങൾക്കുള്ള സാധ്യത സൃഷ്ടിക്കുന്നു.
3. ആധുനിക ശാസ്ത്ര - സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.

## സാമൂഹികാവബോധം

1. ക്ലബുകൾ രൂപീകരിക്കുന്നതിലൂടെ കുട്ടികളിൽ നേതൃത്വപാടവം സൃഷ്ടിക്കുന്നു.
2. ദിനാചരണങ്ങൾ, ബോധവത്ക്കരണപരിപാടികൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നു.

## ഗണിതം

1. പഠനോപകരണങ്ങൾ ഉപയോഗിച്ച് കൊണ്ട് ലളിതവും രസകരവുമായ ഗണിതപഠനം.
2. നിത്യജീവിതവുമായി ബന്ധപ്പെടുത്തിയുള്ള പഠനം.
3. അടിസ്ഥാനഗണിതശേഷികൾ എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.
4. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ കുട്ടികളിൽ വളർത്തുക.

## ICT സാധ്യത പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണപ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുക
3. കുട്ടികൾക്ക് സ്വതന്ത്രവും നിർഭയവുമായി കമ്പ്യൂട്ടർ ഉപയോഗിക്കാൻ സാധ്യതയൊരുക്കൽ

## പ്രവൃത്തിപരിചയം

1. നിർമ്മാണാത്മക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളെയും പങ്കാളികളാക്കുക.
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനപ്രദമായ ഉത്പന്നങ്ങളോ നിർമ്മിക്കാനുള്ള കഴിവ് വികസിപ്പിക്കൽ
3. ഇതരവിഷയങ്ങളുമായി ബന്ധപ്പെടുത്തൽ

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക
3. കുട്ടികളുടെ സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക

## ആരോഗ്യകായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. കുട്ടികളിൽ കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യശീലങ്ങൾ വളർത്തുക.
4. ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
2. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്മുറികളിലൊരുക്കുക.
4. ICT സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.